പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4720** **28.06.2013-ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളും അറവ് ശാലകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളുടേയും അറവ്ശാലകളുടേയും നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ആധുനിക ശ്മശാനങ്ങളും അറവുശാലകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്നുണ്ട്. ഇതിനായി ഓരോ സാമ്പത്തിക വർഷവും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാംഏജൻസികളെയാണ് പദ്ധതി നടത്തിപ്പിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ അറവുശാലകൾ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നോഡൽ ഏജൻസിയായി ശുചിത്വമിഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകാ അറവുശാലയുടെ പദ്ധതി രൂപകൽപ്പന ചെയ്ത് നൽകുന്നതിനും ശാസ്ത്രീയമായ രീതിയിൽ അറവുശാല നിർമ്മിക്കുന്നതിനും ശുചിത്വ മിഷൻ സാങ്കേതിക സഹായം നൽകുന്നുണ്ട്. |
| (സി) | ഇതിനുള്ള ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി) | ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ എം.എൽ.എ ഫണ്ട്, ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഇവ കൂടി ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ? | (ഡി) | ഓരോ സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2013-14 വർഷത്തിൽ അറവുശാല നിർമ്മാണത്തിനായി ഒരു ഗ്രാമപഞ്ചായത്തിന് 22 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്ക് 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ പൊതുശ്മശാന നിർമ്മാണത്തിനായി ഒരു ഗ്രാമപഞ്ചായത്തിന് 11 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ